H. I. B. H. S Varapuzha Mid term exam 2024-25

Std:7 അടിസ്ഥാന പാഠാവലി marks :25

പ്രവർത്തനം :1 വായിക്കാം കണ്ടെത്താം (5)

കഥകളി

കേരളത്തിന്റെ തനതായ ദൃശ്യകലാരൂപമാണ്കഥകളി. രാമനാട്ടം എന്ന കലാരൂപം പരിഷ്കരിച്ചാണ് കഥകളിയുണ്ടായത്.പ്രധാന വേഷങ്ങളാണ് പച്ച,കത്തി,കരി താടി,മിനുക്ക്.കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടക്കഥ. പുരാണങ്ങളിൽ നിന്നും ഐതിഹ്യങ്ങളിൽ നിന്നുമുള്ള കഥകളാണ് പ്രമേയം ആകുന്നത്.

കൂടിയാട്ടം,കൃഷ്ണനാട്ടം, കളരിപ്പയറ്റ് എന്നിവയിൽ നിന്ന് പലതും സ്വാംശീകരിച്ച കലാരൂപമാണ് കഥകളി. പാരമ്പര്യ രീതിയിൽ കഥകളി പരിശീലനം നടത്തുന്ന പ്രമുഖ കേന്ദ്രമാണ് കേരള കലാമണ്ഡലം.

1) ഏത് കലാരൂപം പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്?
   ( കൂടിയാട്ടം, രാമനാട്ടം,കൂത്ത്)
2) കഥകളിയുടെ സാഹിത്യ രൂപം ഏത്?
   ( കണ്യാർകളി,ആട്ടക്കഥ, മോഹിനിയാട്ടം)
3) കഥകളി വേഷങ്ങളിൽ പെടാത്തത് ഏത്?
   ( പച്ച, കരി,മഞ്ഞ)
4) കഥകളി പരിശീലനം നടത്തുന്ന പ്രമുഖ കേന്ദ്രമാണ്
   ( കേന്ദ്ര കലാമണ്ഡലം,കേരള കലാമണ്ഡലം, ആയോധന കലാമണ്ഡലം)
5) ഇതിൽ പ്രമേയമാകുന്നത് ഏത് കഥകളാണ്?
   ( ചവിട്ടു നാടകം,പുരാണം ഐതിഹ്യം, തുള്ളൽ )

പ്രവർത്തനം :2 അഭിപ്രായ കുറിപ്പ് (5)

ഗ്രാമത്തിലെ കർഷക സ്ത്രീകൾ നാടിന്റെ ഐശ്വര്യമാണെന്ന് കവയിത്രി അഭിപ്രായപ്പെടുന്നു ഇതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം കുറിക്കുക.

പ്രവർത്തനം :3 അഭിമുഖ ചോദ്യാവലി (5)

ഒരു കുമ്മാട്ടി കലാകാരനുമായി അഭിമുഖം നടത്തിയാൽ എന്തെല്ലാം ചോദ്യങ്ങൾ ആയിരിക്കും നിങ്ങൾ അദ്ദേഹത്തോട് ചോദിക്കുക.(5 ചോദ്യങ്ങൾ തയ്യാറാക്കുക)

പ്രവർത്തനം :4 പകരം പദങ്ങൾ കണ്ടെത്തുക (5)

( മുടി,സൂര്യൻ,ആകാശം, മനോഹരം,താമരപ്പൂവ് )

1) വിണ്ണ് =
2) താമരത്താർ =
3) കുന്തളം =
4) കതിരോൻ =
5) മഞ്ജുളം =

(5,6 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് മാത്രം ഉത്തരം എഴുതുക) (5)

പ്രവർത്തനം :5 വിവരണം

കുമ്മാട്ടി എന്ന ദേശോത്സവത്തെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.

പ്രവർത്തനം :6 വർണ്ണന

പ്രകൃതിയിൽ നിങ്ങൾ കണ്ട ഒരു മനോഹര ദൃശ്യം വർണ്ണിക്കുക.